പരിപാടികൾ നടപ്പിലാക്കുകയും ചെയ്യുക, നിലവിലുള്ള ദേശീയ രോഗനിവാരണ പരിപാടികളുടെ വിവരശേഖരണ സംവിധാനം മെച്ചപ്പെടുത്തുക, ലബോറട്ടറി സംവിധാനങ്ങൾ മെച്ചപ്പെടുത്തുക, ഇക്കാര്യങ്ങളെ സംബന്ധിച്ചുള്ള പരിശീലന പരിപാടികൾ നടത്തുക, സ്വകാര്യമേഖല ഉൾപ്പെടെയുള്ള പ്രാദേശിക ജില്ലാ സംസ്ഥാന തലങ്ങളിലുള്ള രോഗ വിവരശേഖരണ സംവിധാനങ്ങൾ പൊതുജന പങ്കാളിത്തത്തോടെ ഏകോപിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ.

(ഡി) പദ്ധതിയുടെ കർമ്മപരിപാടിയും ബഡ്ജറ്റും തയ്യാറാക്കുന്നതിനായി 2004 ജൂലൈ മാസത്തിൽ ഒരു വർക്ക്ഷോപ്പ് നടത്തുകയുണ്ടായി. സ്റ്റേറ്റ് സർവയലൻസ് യൂണിറ്റിനും ജില്ലാ യൂണിറ്റുകൾക്കും ഓരോ കമ്പ്യൂട്ടർവീതം വാങ്ങുന്നതിനുള്ള സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. ഇതിനായി 10,40,250 രൂപ അനുവദിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ നടത്തിപ്പിന് ആവശ്യമായ സ്റ്റാഫിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ദ പുവർ പദ്ധതി

119 [2551] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിനുകീഴിലെ സൊസൈറ്റി ഫോർ ദി അസിസ്റ്റൻസ് ടു ദ പുവർ പദ്ധതിപ്രകാരം എന്ത് തുകയ്ക്കുള്ള എത്ര ചികിത്സാസഹായ അപേക്ഷകൾ നിലവിലുണ്ട്;

(ബി) ഈ പദ്ധതിക്ക് ഏതു വർഷംവരെയുള്ള അപേക്ഷകളാണ് ഇതുവരെ പരിഗണിച്ചത്;

(സി) ഈ സർക്കാരിന്റെ കാലത്ത് എന്ത് തുക ഈ പദ്ധതിപ്രകാരം നൽകിയെന്ന് വർഷംതിരിച്ചുള്ള കണക്ക് നൽകാമോ;

(ഡി) ധനസഹായപദ്ധതി കാര്യക്ഷമമാക്കി യഥാസമയം സഹായം നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) നാല് കോടി രൂപയ്ക്കുള്ള 2254 അപേക്ഷകൾ നിലവിലുണ്ട്.

(ബി) 31-3-2005 വരെ ലഭിച്ച അപേക്ഷകൾ പരിഗണിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2001-2002 വർഷത്തിൽ 347 രോഗികൾക്കായി 1,87,36,614 രൂപയും 2002-2003-ൽ 206 രോഗികൾക്കായി 67,02,427 രൂപയും 2003-2004 വർഷത്തിൽ 1150 രോഗികൾക്കായി 2,03,58,570 രൂപയും അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ, 300 രോഗികൾക്കായി അനുവദിച്ച 30,96,175 രൂപ ഉടൻതന്നെ വിതരണം ചെയ്യുന്നതാണ്.

(ഡി) ഫണ്ടിന്റെ അപര്യാപ്തത വലിയൊരളവിൽ പദ്ധതിയുടെ നടത്തിപ്പിനെ ബാധിക്കുന്നുണ്ട്. ഫണ്ട് വിഹിതം വർദ്ധിപ്പിക്കണമെന്ന ആരോഗ്യ വകുപ്പ് ഡയറക്ടറുടെ അപേക്ഷ പരിശോധിച്ചുവരികയാണ്. സംസ്ഥാനത്തിന് ഇക്കാര്യത്തിൽ അർഹമായ കേന്ദ്രവിഹിതം ലഭിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

കെ.എച്ച്.ആർ.ഡബ്ലിയു.എസ്. എം.ഡി.യുടെ പി.എ. നിയമനം

120 [2552] *ശ്രീ. ടി. യു. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 12-5-1995-ൽ ഡി.ഡി. നമ്പർ 524422 പ്രകാരം 12 ലക്ഷം രൂപ 12-1-2000 വരെ (മധുരയിലുള്ള ഷിമാഡ്സി കമ്പനിയുടെ) കെ.എച്ച്.ആർ.ഡബ്ലിയു.എസി.ന്റെ അക്കൗണ്ടിൽ ചേർക്കാതെ കൈവശംവച്ച ടൈപ്പിസ്റ്റിനെ മേലധികാരിയുടെ പി.എ. അല്ലെങ്കിൽ സി.എ. ആയി നിയമിച്ചിരിക്കുന്നത് ശരിയാണോ;

(ബി) കെ.എച്ച്.ആർ.ഡബ്ലിയു.എസി.ന്റെ അക്കൗണ്ടിലുള്ള പണത്തിന്റെ ഈടിന്മേൽ രണ്ട് ബാങ്കുകളിൽനിന്നും എം.ഡി.യുടെ പി.എ. എന്ന പേരിലുള്ള അധികാരം ഉപയോഗിച്ച് സ്വന്തമായി ഇദ്ദേഹം ലോൺ എടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അക്കൗണ്ട്സ് ഓഫീസർ കൈകാര്യംചെയ്യുന്ന സാമ്പത്തികഇടപാടുകൾക്കായി ബാങ്കുകളുമായി ഈ ജീവനക്കാരൻ ദിനംപ്രതി ബന്ധപ്പെടുന്നത് ശരിയാണോ;

(ഡി) സെക്രട്ടേറിയറ്റ് പാറ്റേൺ ഇദ്ദേഹത്തിന് നടപ്പാക്കിയിട്ടുണ്ടോ;

(ഇ) ഏത് ഗവൺമെന്റ് ഉത്തരവുപ്രകാരമാണ് സെക്രട്ടേറിയറ്റ് പാറ്റേൺ നൽകിയത്;

(എഫ്) സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന്റെ ശമ്പളം കൊടുത്തിട്ടുണ്ടോ; ഏത് അനുപാതത്തിലാണ് ഇത് നൽകിയിട്ടുള്ളത്;

(ജി) കെ.എച്ച്.ആർ.ഡബ്ലിയു.എസ്. എം.ഡി.യുടെ പി.എ. അല്ലെങ്കിൽ സി.എ.യുടെ വിദ്യാഭ്യാസയോഗ്യത എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ;

(എച്ച്) ഈ ജീവനക്കാരന്റെ യഥാർത്ഥ തസ്തിക ഏതാണ്;

LIBRARY ARCHIVES Kerala Legislative Assembly